# പതിനാലാം കേരള നിയമസഭ
# ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.565 13.01.2021-ൽ മറുപടിക്ക്**

## സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
|---|---|
| (എ) കേരളത്തിലെ കൈത്തറിമേഖലയിൽ പരമ്പരാഗത തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽദിനങ്ങൾ നൽകുന്നതിനും മെച്ചപ്പെട്ട കൂലി ഉറപ്പുവരുത്തുന്നതിനും സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലയിൽ പ്രധാനപ്പെട്ട ഒന്നാണ് കൈത്തറി വസ്ത്ര മേഖല. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങളിലെ നെയ്ത്ത് തറികൾ ഭൂരിഭാഗവും ഭാഗികമായി മാത്രമേ ചലിച്ചിരുന്നുള്ളൂ. മാത്രമല്ല, നൂറോ നൂറ്റിയമ്പതോ രൂപ കൂലിയിൽ വർഷത്തിൽ നൂറ് ദിവസത്തിൽ താഴെ മാത്രമായിരുന്നു ജോലി ലഭ്യമായിരുന്നത്. ഇതിന്റെ ഭാഗമായി കൈത്തറി തൊഴിലാളികൾ ഈ മേഖലയിൽ നിന്നും കൊഴിഞ്ഞു പോയിക്കൊണ്ടിരുന്നു. ഈ സാഹചര്യത്തിലാണ് കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി ഈ സർക്കാർ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയത്. പ്രസ്തുത പദ്ധതി പ്രകാരം നെയ്ത്തുകാർക്ക് വർഷത്തിൽ 200 മുതൽ 300 ദിവസം വരെ പ്രതിദിനം 600 രൂപ നിരക്കിൽ തൊഴിൽ ലഭ്യമായിട്ടുണ്ട്. ഈ പദ്ധതിയിൽ 5900 നെയ്ത്തുകാരുടെയും 1600 അനുബന്ധ തൊഴിലാളികളുടെയും തൊഴിൽ സ്ഥിരത ഉറപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ ആരംഭഘട്ടം മുതൽ ഇതുവരെയായിട്ട് ഏകദേശം 160 കോടി രൂപ കൂലിയിനത്തിൽ നെയ്ത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) സർക്കാരിന്റെ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി കൈത്തറി മേഖലയ്ക്ക് എപ്രകാരം സഹായകമായി; ഇതിലൂടെ എത്ര തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിന് | (ബി) കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കൈത്തറി വസ്ത്ര മേഖല. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങളിലെ നെയ്ത്ത് |

| | |
|---|---|
| സാധിച്ചുവെന്ന് വിശദമാക്കുമോ; | തറികൾ ഭൂരിഭാഗവും ഭാഗികമായി മാത്രമേ പ്രവർത്തിച്ചിരുന്നുള്ളൂ. മാത്രമല്ല, നൂറോ നൂറ്റിയമ്പതോ രൂപ കൂലിയിൽ വർഷത്തിൽ നൂറു ദിവസത്തിൽ താഴെ മാത്രമായിരുന്നു ജോലി ലഭ്യമായിരുന്നത്. ഇതിന്റെ ഭാഗമായി കൈത്തറി തൊഴിലാളികൾ ഈ മേഖലയിൽ നിന്നും കൊഴിഞ്ഞു പോയിക്കൊണ്ടിരുന്നു. ഈ സാഹചര്യത്തിലാണ് കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി ഈ സർക്കാർ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയത്. പ്രസ്തുത പദ്ധതി പ്രകാരം നെയ്ത്തുകാർക്ക് വർഷത്തിൽ 200 മുതൽ 300 ദിവസം വരെ പ്രതിദിനം 600 രൂപ നിരക്കിൽ തൊഴിൽ ലഭ്യമായിട്ടുണ്ട്. സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കി 4 വർഷം പിന്നിട്ടപ്പോൾ 5900 നെയ്ത്തുകാരുടെയും 1600 അനുബന്ധ തൊഴിലാളികളുടേയും തൊഴിൽ സ്ഥിരത ഉറപ്പാക്കിയിട്ടുണ്ട്. ആയതിൽ നെയ്ത്ത് ജോലി പഠിച്ച് പുതിയതായി 1026 പേർ യൂണിഫോം പദ്ധതിയിൽ ചേർന്ന് പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് പ്രവർത്തനരഹിതമായി പൂട്ടി കിടന്നിരുന്ന പല കൈത്തറി സംഘങ്ങളും പ്രസ്തുത പദ്ധതിയുടെ ഭാഗമായി തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിച്ചു. വർഷങ്ങളായി നെയ്ത്ത് ജോലിയിൽ നിന്ന് മാറി നിന്ന ഏകദേശം 1300 പേർ യൂണിഫോം പദ്ധതിയുടെ ഭാഗമായി നിലവിൽ പ്രവർത്തിക്കുന്നു. സ്കൂൾ യൂണിഫോം പദ്ധതി നിലവിൽ വന്നതിനുശേഷം ഇതുവരെ 160 കോടിയോളം രൂപ കൂലിയിനത്തിൽ നെയ്ത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (സി) സ്കൂൾ യൂണിഫോം നെയ്ത്ത് നൽകിയ വകയിൽ എത്ര കോടി രൂപ കുടിശ്ശിക നൽകുവാനുണ്ട്; പ്രസ്തുത കുടിശ്ശിക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് നെയ്ത്തുകാർക്ക് 2020 സെപ്റ്റംബർ മാസംവരെയുള്ള കൂലി വിതരണം ചെയ്തിട്ടുണ്ട്. ഒക്ടോബർ മാസം മുതലുള്ള കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**